**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2311** | **30-07-2021 - ൽ മറുപടിയ്ക്ക്**

**ഉൾനാടൻ മത്സ്യകൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉൾനാടൻ മത്സ്യകൃഷിക്ക് സാധ്യതയുള്ള ജലസംഭരണികളേയും പൊതുജലാശയങ്ങളേയും കണ്ടെത്തി പ്രയോജനപ്പെടുത്തുവാൻ സാങ്കേതിക സർവ്വേ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (എ) | ഉണ്ട്. സംസ്ഥാനത്ത് 33291 ഹെക്ടർ വിസ്തീർണ്ണമുള്ള 47 ജലസംഭരണികളാണ് ഉള്ളത്. അതിൽ ഉൾനാടൻ മത്സ്യകൃഷിയ്ക്ക് സാധ്യതയുള്ള 27,661 ഹെക്ടർ വിസ്തീർണ്ണമുള്ള 40 ജലസംഭരണികളിൽ മത്സ്യകൃഷി നടത്താമെന്ന് കണ്ടെത്തിയിട്ടുണ്ട്. ആയതനുസരിച്ച് 2021-22 സാമ്പത്തിക വർഷം റിസർവോയർ ഫിഷറീസ് പദ്ധതിയുടെ ഭാഗമായി തെന്മല, ഇടുക്കി, ഭൂതത്താൻകെട്ട്, ചിമ്മിനി, ഷോളയാർ (ലോവർ), പെരിങ്ങൽകുത്ത്, പീച്ചി, വാഴാനി തുടങ്ങിയ എട്ട് റിസർവോയറുകളിൽ തദ്ദേശീയ വിഭാഗത്തിൽപ്പെട്ട എൻഡമിക് കാർപ്പ്, എൻഡമിക് കാറ്റ് ഫിഷ്, കുയിൽ മത്സ്യം, വരാൽ, കരിമീൻ, കറൂപ്പ് തുടങ്ങിയ വിഭാഗത്തിൽപ്പെട്ട മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് 150 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു. ഈ 8 റിസർവോയറുകളിലായി മേൽപ്പറഞ്ഞ തദ്ദേശീയ വിഭാഗത്തിൽപ്പെടുന്ന 27,45,230 മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനാണ് പദ്ധതിയിടുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ റിസർവോയർ ഫിഷറീസ് പദ്ധതിയുടെ ഭാഗമായി 22 റിസർവോയറുകളിൽ മത്സ്യക്കുഞ്ഞ് നിക്ഷേപം നടത്തി പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തെ PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി ബാണാസുര സാഗർ, കാരാപ്പുഴ, പെരുവണ്ണാമൂഴി, കക്കി റിസർവോയറു കളിൽ 16.4 കോടി രൂപയുടെ 100 കൂടുകൾ വീതമുള്ള കൂടിലെ മത്സ്യകൃഷി പദ്ധതിയും നടപ്പിലാക്കി വരുന്നു. കൂടാതെ RKI പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിലെ ബാണാസുര സാഗർ അണക്കെട്ടിൽ 320 ലക്ഷം രൂപ അടങ്കൽ തുക വരുന്ന കൂട്ടകൃഷി പദ്ധതി നടപ്പിലാക്കി വരുന്നു. ഉൾനാടൻ മത്സ്യകൃഷിയ്ക്ക് അനുയോജ്യമായ ജലാശയങ്ങളും കണ്ടെത്തിയിട്ടുണ്ട്. ആയതനു സരിച്ച് 8057.6 ഹെക്ടർ വിസ്തീർണ്ണമുള്ള 64291 |

| | | | | |
|---|---|---|---|---|
| | | | | ശുദ്ധജലകുളങ്ങളും 2420 ഹെക്ടർ വിസ്തീർണ്ണമുള്ള 2771 ഓരുജലകുളങ്ങളും ഉണ്ട്. ഇതിൽ 5074 ഹെക്ടർ വിസ്തീർണ്ണമുള്ള 46369 ശുദ്ധജലകുളങ്ങളിലും 1120 ഹെക്ടർ വിസ്തീർണ്ണമുള്ള 1549 ഓരുജലകുളങ്ങളിലും ഇതിനകം മത്സ്യകൃഷി നടപ്പിലാക്കിയിട്ടുണ്ട്. മത്സ്യകൃഷിയ്ക്ക് ഉപയുക്ത മാക്കാൻ കഴിയുന്ന 49077 ഹെക്ടർ വിസ്തീർണ്ണമുള്ള 1012 ശുദ്ധജല പാടശേഖരങ്ങളും 5237 ഹെക്ടർ വിസ്തീർണ്ണമുള്ള 908 ഓരുജലപാടശേഖരങ്ങളും ഉണ്ട്. ഇതിൽ 13300 ഹെക്ടർ വിസ്തീർണ്ണമുള്ള 211 ശുദ്ധജലപാട ശേഖരങ്ങളിലും 2295 ഹെക്ടർ വിസ്തീർണ്ണമുള്ള 381 ഓരു ജല പാടശേഖരങ്ങളിലും ഇതിനകം മത്സ്യകൃഷി നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ കായലുക ളിലെ അനുയോജ്യമായ പ്രദേശങ്ങളിൽ 6159 യൂണിറ്റ് കൂടിലെ മത്സ്യകൃഷി, 11275 യൂണിറ്റ് കല്ലുമ്മേക്കായ/ കടൽമുരിങ്ങ കൃഷി എന്നിവ നടപ്പിലാക്കാൻ കഴിയുന്നതാണ്. ഇത്തരത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം അനുയോജ്യമായ സ്ഥലങ്ങളിൽ 1842 ഓരുജലകൂട്ട മത്സ്യകൃഷിയും 1353 യൂണിറ്റ് കല്ലുമ്മേക്കായ കൃഷിയും നടപ്പിലാക്കിയിരുന്നു. "എവിടെയെല്ലാം ജലാശയം അവിടെയെല്ലാം മത്സ്യം" എന്ന കാമ്പയിന്റെ ഭാഗമായി മേൽ പ്രസ്താവിച്ച രീതിയിൽ കണ്ടെത്തിയ മുഴുവൻ ജലാശയങ്ങളിലും അടുത്ത മൂന്ന് വർഷം കൊണ്ട് മത്സ്യ കൃഷി നടപ്പിലാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ